**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **23-01-2025 - ൽ മറുപടിയ്ക്ക്**

**കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 500 കോടി രൂപ ചെലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രഖ്യാപിച്ച അവയവമാറ്റ ശാസ്ത്രക്രിയ വിഭാഗത്തിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | അവയവമാറ്റ ആശുപത്രിയും ഗവേഷണ കേന്ദ്രവും (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ്) ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രി ക്യാമ്പസ്സിൽ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിനായുള്ള പ്രാഥമിക പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KIIFB മുഖാന്തിരം, ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനു 558.68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനു മുമ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ താല്കാലികമായി ആരംഭിക്കുന്നതിനു കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിലേക്കായി ആവശ്യമുള്ള മെഡിക്കൽ ഉപകരണങ്ങൾ KMSCL വഴി വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. താത്കാലിക സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പ്രൊജക്റ്റ് ഓഫീസും ആരംഭിച്ചിട്ടുണ്ട്. IOT യുടെയും ഡെർമറ്റോളജി ഹോസ്പിറ്റലിന്റെയും ആർക്കിടെക്ചറൽ പ്ലാനുകൾ, ഹോസ്പിറ്റൽ ക്യാമ്പസ്സിന്റെ മാസ്റ്റർ പ്ലാൻ എന്നിവ തയാറാക്കിയിട്ടുണ്ട്. നിർദിഷ്ട സ്ഥലം പാട്ട വ്യവസ്ഥയിൽ കൈമാറുന്നതിന്റെ ഭാഗമായുള്ള ഭൂമി സർവ്വേ പൂർത്തിയായിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ കരൾ മാറ്റി വെയ്ക്കൽ ശസ്ത്രക്രിയ നടക്കുന്ന ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സർക്കാർ ആശുപത്രികൾ**<br><br>1. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം<br><br>**സ്വകാര്യ ആശുപത്രികൾ** |

| | | | |
|---|---|---|---|
| | | | 1. ജി.ജി ഹോസ്പിറ്റൽ, തിരുവനന്തപുരം<br>2. കിംസ് ഹെൽത്ത്, തിരുവനന്തപുരം<br>3. എസ്.കെ. ഹോസ്പിറ്റൽ, തിരുവനന്തപുരം<br>4. കരിത്താസ് ഹോസ്പിറ്റൽ, കോട്ടയം<br>5. ലേക് ഷോർ ഹോസ്പിറ്റൽ, കൊച്ചി<br>6. ലിസി ഹോസ്പിറ്റൽ, കൊച്ചി<br>7. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊച്ചി<br>8. ആസ്റ്റർ മെഡിസിറ്റി, കൊച്ചി<br>9. രാജഗിരി ഹോസ്പിറ്റൽ, ആലുവ<br>10. മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കോഴിക്കോട്<br>11. ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്<br>12. മെയ്ത്ര ഹോസ്പിറ്റൽ, കോഴിക്കോട് |
| (സി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ചേവായൂർ സർക്കാർ ത്വക്ക് രോഗാശുപത്രി ക്യാമ്പസ്സിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനു മുമ്പ് കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY ബ്ലോക്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ താത്കാലികമായി ആരംഭിക്കുന്നതിന് അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ